(സി) ഈ കൊല്ലം ലാണ്ട് അകപിസിഷൻ പൂത്തിയാക്കുന്നുണ്ട്. ഷെഡ്ഡ് ഫ്രഫനുലെ ബഡ്ഡറിൽ വക കൊള്ളിച്ചതിനുശേഷം പണിയുവാനാണ് ഉദ്ദേശിക്കുന്നതു്.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയതു്: വെയിറ്റിംഗ് ഷെഡ് ആവശ്യമാണെന്നു കണ്ടതുകൊണ്ടല്ലെ കഴിഞ്ഞ മീനമാസത്തിൽ സപ്ലിമെൻറ്റി ഗ്രാൻഡ് പാസ്സാക്കിയതു്?

റാവുബഹദൂർ ടി. കെ. നായർ: അതെ.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയതു്: അതു ഇനിയും നടപ്പിൽ വരുത്താൻ കാലതാമസമെന്താണു്?

റാവുബഹദൂർ ടി. കെ. നായർ: അതിനുള്ള കാരണം (ബി) എന്ന ഉത്തരത്തിൽ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയതു്: അതായതു കൊല്ലം അനുവദിക്കുന്ന പണം അതായതു കൊല്ലത്തിൽതന്നെ ചിലവു ചെയ്യേണ്ടതല്ലെ?

റാവുബഹദൂർ ടി. കെ. നായർ: ഈവക പണികൾക്കു പലപ്പോഴും കാലതാമസം വരും. ഈ വെയിറ്റിംഗ് ഷെഡ് പണിയാൻ ഒരു സ്ഥലം ആദ്യം വാങ്ങാൻ നിശ്ചയിച്ചു. അകപിസിഷനു് പോയപ്പോൾ ആ സ്ഥലമല്ല വേറൊരു സ്ഥലമാണു് അതിലും കൂടുതൽ സൌകര്യമുള്ളതു് എന്നു് വേറൊരു ഡിപ്പാർട്ടുമെണ്ടുകാർ റിപ്പോർട്ടു ചെയ്തു. ആദ്യത്തേതിനു് അകപിസിഷൻ ചാർജ്ജു് സർ രൂപയും രണ്ടാമത്തേതിനു് ൪,൦൦൦ൽ ചില്വാനം രൂപയുമാണു്. അങ്ങിനെ അങ്ങോട്ടും ഇങ്ങോട്ടും പിടിയും വലിയുമായി. രണ്ടാമത്തെ അഭിപ്രായത്തോടു ദിവാൻപേഷ്കാർ യോജിച്ചു. ൪,൦൦൦ രൂപാ മാത്രമേ ഇതിനു് അലാട്ടുമെൻറ് ഉണ്ടായിരുന്നുള്ളു. അപ്പോൾ ആ സ്ഥലം വേണമോ എന്നു സംശയമായി. അപ്പോഴേക്കും ആ കൊല്ലം അവസാനിച്ചു. ഞാൻ സ്ഥലത്തുപോയി നോക്കിയപ്പോൾ ആദ്യത്തെ സ്ഥലം മതിയെന്നു് തീർച്ചയാക്കി. പക്ഷെ കൊല്ലം കഴിഞ്ഞതുകൊണ്ടു് അതിനു പണമില്ലാതായി. എതായാലും ഇക്കൊല്ലത്തിൽതന്നെ അകപിസിഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ടു്.

മിസ്റ്റർ ജോസ് കെ. വള്ളിസ്സു്: എതായാലും പണി നടക്കാത്ത സ്ഥിതിക്കു് ഇരിങ്ങാലക്കുടയിൽനിന്നു തൃശ്ശിവപേരൂക്കു പോകുന്ന വഴിയിൽ ഉൗരകത്തും ഒരു വെയിറ്റിംഗ് ഷെഡ് പണിയാമോ?

മിസ്റ്റർ പി. എ. മുഹമ്മദു് അഷ്റഫ്: രണ്ടുദ്യോഗസ്ഥന്മാർ തമ്മിൽ ഇങ്ങനെ പിടിയും വലിയുമായാൽ കാര്യമെങ്ങിനെ നടക്കും?

റാവുബഹദൂർ ടി. കെ. നായർ: പിടിയും വലിയുമൊന്നുമുണ്ടായില്ല. അഭിപ്രായവ്യത്യാസമുണ്ടായിയെന്നു മാത്രമേയുള്ളു.

മിസ്റ്റർ പി. എ. മുഹമ്മദു് അഷ്റഫ്: ബഹുമാനപ്പെട്ട മന്ത്രി അങ്ങിനെ പറഞ്ഞു കേട്ടു; അതാണു് ചോദിച്ചതു്.

റാവുബഹദൂർ ടി. കെ. നായർ: ഞാൻ പറഞ്ഞതിൽനിന്നു് പിടിയും വലിയുമാണുണ്ടായതെന്നു തെറ്റിദ്ധരിക്കുമെന്നു ഞാൻ വിചാരിച്ചില്ല. അഭിപ്രായവ്യത്യാസമുണ്ടായിയെന്ന അർത്ഥത്തിൽ പറഞ്ഞു എന്നേയുള്ളു.

GOVERNMENT SERVANTS—QUARTERS—PROVIDING OF

248. Mr. Parambi Lonappen *(Irinjalakkuda)*: Will Government be pleased to state what action they have taken, since they introduced the Rent Control Order in 1117, to provide quarters for their own subordinates thus easing the housing problem in Ernakulam ?

Rao Sahib K. Ayyappan *(Minister for Public Works)*: A scheme for providing residential quarters to low-paid Government employees has been included in the Government's postwar development programme. The proposal is to construct quarters at Ernakulam and Trichur in the first instance, and to extend the scheme to other taluk head-quarters and Mattancheri subsequently. A cost report has been prepared for the construction of quarters at Ernakulam and Trichur. To ascertain what is being done elsewhere with regard to this matter, the Governments of Madras, Mysore and Travancore have been addressed to know whether those Governments have provided quarters to their employees or whether there is at least any such scheme under contemplation. Their replies are awaited.

LIBRARY ARCHIVES Kerala Legislative Assembly

It is also proposed to provide separate quarters for the Anchal subordinates employed at Ernakulam, Mattancheri and Trichur, and for the teachers employed in H. S., Narakkal and H. S., Kandassankadavu. Estimates and cost reports relating to these items are under preparation.

Mr. S. S. Koder *(Nominated):* The proposal is to construct quarters at Ernakulam, Trichur and other taluk headquarters and subsequently at Mattancheri. Why is Mattancheri put last?

Rao Sahib K. Ayyappan *(Minister for Public Works):* The priority will not go to other headquarters. After Trichur and Ernakulam, Mattancheri will be taken up.

മിസ്സിസ് ടി. ഫ്രാൻസിസ്സ്: മട്ടാസ്സിലും മറ്റ സ്ഥലങ്ങളിലും ഇങ്ങിനെ ചെയ്യുന്നതു് ഉണകരമാണെന്നു് അറിഞ്ഞിട്ടുവേണോ ഈ കായ്യം നമ്മുടെ രാജ്യത്തിൽ ചെയ്യുവാൻ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഒരു വലിയ സ്കീം എടുത്തു നടത്തുമ്പോൾ മറ്റ സ്ഥലങ്ങളിൽ അതിനെ സംബന്ധിച്ചു് എന്തെല്ലാം നടത്തുന്നുണ്ടു് എന്നറിയുന്നതു വളരെ പ്രയാജനകരമായിരിക്കും. അതുകൊണ്ടു തെറ്റില്ല. അവർ നടത്തുന്നില്ലെങ്കിലും നമുക്കിവിടെ നടത്താം.

മിസ്സിസ് ടി. ഫ്രാൻസിസ്സ്: അവക്കും ഇങ്ങിനെ ചില സ്കീംസ് ഒക്കെയുണ്ടെന്നും, അതു വലിയ (costly) കോസ്റ്റിലിയാണെന്നും മറ്റും ഹിന്ദുപത്രത്തിൽ ഞാൻ വായിച്ചുവല്ലൊ.

റാവുസാഹിബ് കെ. അയ്യപ്പൻ: ഞാൻ കണ്ടില്ല. നോക്കാം.

Mr. S. S. Koder *(Nominated):* Will Government be pleased to take up Mattancheri also along with Trichur and Ernakulam ?

Rao Sahib K. Ayyappan *(Minister for Public Works):* That is not possible because it is a costly scheme. Not only that. The urgency is at Ernakulam and Trichur. There are more Government servants there.

മിസ്റ്റർ പി. നാരായണമേനോൻ: ഉദ്യോഗസ്ഥന്മാക്കു് താമസത്തിനുള്ള സൌകയ്യങ്ങൾ ചെയ്യുന്നതോടുകൂടി ആഫീസ് നടത്താനുള്ള സൌകയ്യവും ഉണ്ടാക്കുന്നതേ?

റാവുസാഹിബ് കെ. അയ്യപ്പൻ: അതിനൊക്കെ പണം വേണം. അതിനെക്കുറിച്ചാണാലോചിക്കുന്നതു്.

Mr. S. S. Koder *(Nominated):* Why are Government going to throw away a sum of Rs. 60 lakhs by introducing prohibition?

Mr. President: Order, Order. That question does not arise here.

മിസ്സിസ് ടി. ഫ്രാൻസിസ്സ്: സർക്കാർ ഉദ്യോഗസ്ഥന്മാക്കു് വീടു് പ്രൊവൈഡ് ചെയ്യണമെന്നുള്ളസംഗതി അത്യാവശ്യമാണു്. അങ്ങിനെയായാൽ മറ്റുള്ളവക്കുകൂടിയുള്ള സ്ഥലസൌകയ്യം കിട്ടുമെന്നുള്ളതു് ഗവണ്മെന്റിനറിയാം. ആ സ്ഥിതിക്കു് ഈ സംഗതി വല്ല കടം വാങ്ങിയൊ മറ്റൊ എടുത്തുവേഗം ചെയ്യുന്നതാ?

റാവുസാഹിബ് കെ. അയ്യപ്പൻ: ചെയ്യാൻ ഗവണ്മെന്റുദ്ദേശിച്ചിട്ടുണ്ടു്. അതിനമാന്തമില്ല. ആ ഭാഗത്തെ മെമ്പർമാരെപ്പോലെ ഗവണ്മെന്റിനും ഈ കായ്യത്തിൽ ആഗ്രഹമുണ്ടു്.

മിസ്സിസ് ടി. ഫ്രാൻസ്സിസ്: വീടുപണിയാനുള്ള തടി, കല്ലു് മുതലായ സാധനങ്ങളുടെ വില നിയന്ത്രിച്ചു് സ്വന്തമായി വീടുപണിയിക്കുന്നവക്കു് സൌകയ്യമുണ്ടാക്കിക്കൊടുക്കുന്നതാ?

റാവുസാഹിബ് കെ. അയ്യപ്പൻ: ആലോചിക്കാം.

മിസ്സിസ് ടി. ഫ്രാൻസിസ്സ്: ഈ ആലോചന തുടങ്ങിയിട്ടു് എത്രകാലമായി?

റാവുസാഹിബ് കെ. അയ്യപ്പൻ: ഇതു് വലിയൊരുസ്കീം ആണു്. ഇതിനെപ്പറ്റിവളരെ ആലോചിക്കാതെ സാദ്ധ്യമല്ല.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ആ ആലോചന ഒന്നു ത്വരിതപ്പെടുത്തുന്നതാ?

റാവുസാഹിബ് കെ. അയ്യപ്പൻ: ത്വരിതപ്പെടുത്താം.

LIBRARY ARCHIVES Kerala Legislative Assembly